**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1247** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം താലൂക്ക് ആശുപത്രി പേവാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | 2024-25 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള 2 കോടി രൂപയുടെ ഒറ്റപ്പാലം താലൂക്ക് ആശുപത്രി പേവാർഡ് നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ; പൊതുമരാമത്ത് വകുപ്പ് നിർവ്വഹണ ചുമതല വഹിക്കുന്ന പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നിലവിൽ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണെന്നും എന്നു മുതൽ കൈവശമിരിക്കുന്നുവെന്നും ഉള്ള വിശദ വിവരം ലഭ്യമാക്കാമോ? | (എ) | ഒറ്റപ്പാലം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം 2024-25 വർഷത്തെ ബജറ്റ് വാല്യം 2 പേജ് നമ്പർ 50 ൽ ക്രമ നമ്പർ 1053 ൽ പൊതുമരാമത്ത് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ 200 ലക്ഷം രൂപ അടങ്കൽ തുകയും 40 ലക്ഷം രൂപ ഈ വർഷത്തേക്കുള്ള വിഹിതമായി വകയിരുത്തിയിട്ടുള്ള പ്രവൃത്തിയാണ്. ഒറ്റപ്പാലം താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ ആവശ്യതകൾ അനുസരിച്ച്, പേവാർഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന 6/116, 6/117, 6/119 എന്നീ നമ്പറുകളിൽ ഉള്ള കെട്ടിടങ്ങൾ പൊളിച്ചു നീക്കിയാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമാവുകയുള്ളൂ. പ്രസ്തുത കെട്ടിടങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടാത്തതിനാലും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആസ്തിയിൽ ആയതിനാലും പൊളിച്ചു മാറ്റാനുള്ള അധികാരം ഒറ്റപ്പാലം മുനിസിപ്പാലിറ്റിക്കാണ്. കെട്ടിടം പൊളിച്ചു മാറ്റുന്നതിനായി 31.07.2024 നു ജില്ലാ മെഡിക്കൽ ഓഫീസർ പാലക്കാടിന് EEBL-DVOPKD/313/2024-D4-PWD എന്ന നമ്പർ പ്രകാരം കത്ത് നൽകിയതിനെ തുടർന്ന് 12.11.2024 ന് ആരോഗ്യ വകുപ്പ് ഡയറക്ടർ, കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ലാബും മറ്റ് സജ്ജീകരണങ്ങളും മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്നും ആയത് മാറ്റുന്ന മുറയ്ക്ക് ലേല നടപടികൾ ആരംഭിക്കുന്നതാണ് എന്നും ഒറ്റപ്പാലം താലൂക്ക് ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പ്രവൃത്തിയുടെ തുടർ നടപടികൾ സ്വീകരിക്കേണ്ടത് ആശുപത്രി സൂപ്രണ്ട് ആണ്. ലേലവുമായി ബന്ധപ്പെട്ട ഫയലുകൾ 12.11.2024 |

| | | | |
|---|---|---|---|
| | | | തീയതി മുതൽ നാളിതുവരെ ആശുപത്രി സൂപ്രണ്ടിന്റെ കൈവശമാണ്. ലേല നടപടികൾക്ക് ശേഷം കെട്ടിടം പൊളിച്ചു മാറ്റി സ്ഥലം തടസ്സ രഹിതമാക്കി കൈമാറിയെങ്കിൽ മാത്രമേ പൊതുമരാമത്ത് വകുപ്പിനു തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ